LIBRARY ARCHIVES Kerala Legislative Assembly

വിദേശ സർവ്വകലാശാലകളുടെ ആഭിമുഖ്യത്തിലുള്ള പഠനകേന്ദ്രങ്ങൾ

*15 [285] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. പി. ഗംഗാധരൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം വിദേശ സർവ്വകലാശാലകളുടെ ആഭിമുഖ്യത്തിൽ പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം വിദേശ സർവ്വകലാശാലകളാണ് ഇപ്രകാരം പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്;

(സി) പ്രസ്തുത സർവ്വകലാശാലകൾക്ക് സംസ്ഥാനത്ത് പഠനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ സംസ്ഥാനനിയമം മൂലം സ്ഥാപിച്ചിട്ടുള്ള ബന്ധപ്പെട്ട സർവ്വകലാശാലയും ഗവൺമെന്റും അനുമതി നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കേന്ദ്രങ്ങളിൽ നടത്തപ്പെടുന്ന കോഴ്സുകളുടെ സിലബസ്, കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് എന്നിവയുടെ കാര്യത്തിൽ ഗവൺമെന്റിനോ സംസ്ഥാനനിയമം മൂലം സ്ഥാപിച്ചിട്ടുള്ള സർവ്വകലാശാലയ്ക്കോ എന്തെങ്കിലും നിയന്ത്രണം ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ ആന്റ് ബി) സംസ്ഥാനത്ത് ഇത്തരം പഠന കേന്ദ്രങ്ങൾ ആരംഭിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ്

*16 [286] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് സൗജന്യ മെഡിക്കൽ ക്യാംപ് നടത്തി ഹെൽത്ത് കാർഡ് നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ ആന്റ് ബി) ഇല്ല. എന്നാൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാമിൽ ഉൾപ്പെടുത്തി സംസ്ഥാന വ്യാപകമായി പ്രൈമറി സ്കൂൾ തലത്തിലുള്ള കുട്ടികളെ സൗജന്യമായി പരിശോധിപ്പിക്കുവാനും അതിൽ രോഗമുണ്ടെന്ന് സംശയിക്കപ്പെടുന്നവരെ അതാതു പ്രദേശത്തുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരുടെ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയരാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിർമ്മാണം പൂർത്തീകരിച്ച ഫ്ളാറ്റുകളും വീടുകളും വിൽപ്പന നടത്തുവാൻ നടപടി

*17 [287] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ:

,, എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ നിർമ്മാണം പൂർത്തീകരിച്ച ഫ്ളാറ്റുകളും വീടുകളും വിൽപ്പന നടത്തുവാൻ കഴിയാതെ വന്നിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇവ വിൽപ്പന നടത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്താമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്താണ് ഭവന നിർമ്മാണ ബോർഡ് പദ്ധതികൾ നടപ്പിലാക്കുന്നത്. ആയതിനാൽ വായ്പ തിരിച്ചടവ് നടത്തുന്നത് വരെയുള്ള പലിശ കൂടി കണക്കിലെടുത്താണ് വീടുകളുടെയും ഫ്ളാറ്റുകളുടേയും വിൽപ്പന നടത്തുന്നത്. കൂടാതെ ലാന്റ് അക്വിസിഷൻ കേസുകളിൽ അധിക തുക കോടതി വിധിക്കനുസൃതമായി നൽകേണ്ടി വരുമ്പോൾ സ്ഥലവില ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ ഇങ്ങനെ കണക്കാക്കുന്ന വില മാർക്കറ്റ് വിലയേക്കാൾ കൂടുതലായതുകൊണ്ടാണ് വിൽപ്പന നടത്താൻ കഴിയാതെവന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly